"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. റൂൾസ് സി3/124/2025/പി&എആർഡി
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ് സി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-01-2026

<u>സർക്കുലർ</u>

വിഷയം:- ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - പി.എസ്.സി നിയമനം - 2026 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി പി.എസ്.സിയ്ക്കു റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ - തുടർനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 09.11.2025, 23.11.2025 തീയതികളിലെ റൂൾ സി3/72/2025/പി&എആർഡി നമ്പർ സർക്കുലറുകൾ.

സൂചന സർക്കുലറുകൾ പ്രകാരം 2026 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിന് തുടർച്ചയായി എല്ലാ വകുപ്പ് തലവൻമാർക്കും നിയമനാധികാരികൾക്കും താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി സർക്കാർ പുറപ്പെടുവിക്കുന്നു.

i. വിരമിക്കൽ, ഡെപ്യൂട്ടേഷൻ, പ്രൊമോഷൻ, അവധി തുടങ്ങിയവ മൂലമുണ്ടാകുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണ്.
ii. സർക്കാർ നിർദ്ദേശാനുസരണം പ്രതീക്ഷിത ഒഴിവുകൾ ഇനിയും റിപ്പോർട്ട് ചെയ്യാൻ വീഴ്ച വരുത്തിയ വകുപ്പുകൾ അവയുടെ വിശദാംശം അടിയന്തരമായി സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പിനും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിനും റിപ്പോർട്ട് ചെയ്യേണ്ടതാണ്.
iii. വകുപ്പുതലത്തിൽ തസ്തികമാറ്റത്തിനായി തസ്തികകൾ മാറ്റിവയ്ക്കുകയും, അതിലേയ്ക്കു അപേക്ഷകരില്ലാത്ത സ്ഥിതിയുമുണ്ടെങ്കിൽ അവ പി.എസ്.സി യ്ക്കു റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ
എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
സ്പെഷ്യൽ സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്കും.
(ഇ-ഓഫീസ് മുഖേന)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും

എല്ലാ സെക്ഷനുകൾക്കും (ഇ-ഓഫീസ് മുഖേന) *(കീഴിൽ വരുന്ന പി.എസ്.സി മുഖാന്തരം നിയമനം നടക്കേണ്ടതായ വകുപ്പുകളുടെ/സ്ഥാപനങ്ങളുടെ നിയമനാധികാരികളെ/ മേധാവികളെ അറിയിക്കുന്നതിനായി)*

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും.

എല്ലാ ജില്ലാ കളക്ടർമാർക്കും.

പി.എസ്.സി മുഖേന നിയമനം നടത്തുന്ന സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികൾക്കും

ഗവർണറുടെ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് )കേരളം (ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം,
(ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.(ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം.
(ആമുഖ കത്ത് സഹിതം)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

ഉത്തരവിൻ പ്രകാരം

**Signed by Saira Banu Buhari**
**Date: 28-01-2026 17:08:44**

സെക്ഷൻ ഓഫീസർ